## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**മലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനും നടപടി**

*3 [933] ശ്രീ. പി. നാരായണൻ:

,, കെ. പി. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തരീക്ഷ മലിനീകരണം വർദ്ധിച്ചിട്ടുള്ളതായി കേന്ദ്ര പൊല്യൂഷൻ കൺട്രോൾ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രധാനപ്പെട്ട പട്ടണങ്ങളിലെ അന്തരീക്ഷ മലിനീകരണത്തെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) വാഹനങ്ങളിൽ നിന്നും വമിക്കുന്ന പുക ഉയർത്തുന്ന മലിനീകരണം കാരണം അപകടകരമായ തോതിൽ തിരുവനന്തപുരം, കൊച്ചി തുടങ്ങിയ പട്ടണങ്ങളിൽ വായുമലിനീകരണം വർദ്ധിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) മലിനീകരണം നിയന്ത്രിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) മലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനും നടപടികൾ സ്വീകരിക്കാൻ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രവർത്തനം അപര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(എഫ്) മലിനീകരണത്തിനെതിരെ ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ, ജീവനക്കാർ, തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി ജനകീയ പ്രവർത്തനങ്ങൾക്ക് സർക്കാർ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്. അന്തരീക്ഷവായുവിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി പ്രധാനപ്പെട്ട നഗരങ്ങളിൽ മോണിട്ടറിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പഠനം നടത്തിവരുന്നു. ഇതിൻ പ്രകാരം തിരുവനന്തപുരത്തും, എറണാകുളത്തും മൂന്ന് മോണിട്ടറിംഗ് സ്റ്റേഷനുകൾ വീതവും, കോഴിക്കോട് രണ്ട് മോണിട്ടറിംഗ് സ്റ്റേഷനുകളുമാണുള്ളത്. അന്തരീക്ഷത്തിലെ സൾഫർ ഡൈഓക്സൈഡ്, നൈട്രജൻ ഓക്സൈഡ്, പൊടിപടലം എന്നീ മാലിന്യ ഘടകങ്ങളുടെ തോതാണ് നിശ്ചയിച്ചുവരുന്നത്. പരിശോധനാ റിപ്പോർട്ടുകൾ വെളിവാക്കുന്നത് അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം പൊതുവേ തൃപ്തികരമാണ് എന്നാണ്. പൊടിയുടെ അളവിൽ ചില സന്ദർഭങ്ങളിൽ നേരിയ വർദ്ധന കണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ അന്തരീക്ഷവായു മോണിട്ടറിംഗ് റിപ്പോർട്ടുകൾ പ്രകാരം അന്തരീക്ഷ മലിനീകരണത്തിന്റെ പ്രധാന കാരണം വാഹനങ്ങളിൽ നിന്നുള്ള പുകയാണ് എന്ന് വ്യക്തമായിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം 1974, വായുമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം 1981, പരിസ്ഥിതി സംരക്ഷണ നിയമം (1986) അതനുസരിച്ച് ഉണ്ടാക്കിയ ഹസാർഡസ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് 1989, ബയോ മെഡിക്കൽ വേസ്റ്റ് റൂൾസ് 1988, റീസൈക്കിൾഡ് പ്ലാസ്റ്റിക് മാനുഫാക്ചറർ ആന്റ് യൂസേജ് റൂൾസ് 1999, മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് 2000 തുടങ്ങിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് എടുത്തുവരുന്നു.

(ഇ) ഇല്ല.

(എഫ്) മലിനീകരണ നിയന്ത്രണ ബോർഡ് പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

ധീരതയ്ക്കുള്ള അവാർഡ് നേടിയവർക്കുള്ള ആനുകൂല്യങ്ങൾ

*4 [934] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
,, ഇസ്ഹാക് കുരിക്കൾ:
,, ടി. പി. എം. സാഹിർ:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മോയിൻ കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധീരതയ്ക്കുള്ള പ്രസിഡന്റിന്റെ അവാർഡുകളോ ജീവൻരക്ഷാ പതക്കമോ നേടിയ ബാലികാബാലൻമാർക്ക് വിദ്യാഭ്യാസത്തിനോ ജോലി കണ്ടെത്തുന്നതിനോ ഉള്ള സഹായങ്ങൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ജോലി ലഭിക്കുന്നതിന് നേരിട്ട് തെരഞ്ഞെടുക്കുന്നതിന് ഇവരെ പരിഗണിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ജീവൻരക്ഷാ പതക്കം പോലുള്ള ബഹുമതി ലഭിച്ച കുട്ടികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ—ഡി) ധീരതയ്ക്കുള്ള പ്രസിഡന്റിന്റെ അവാർഡുകളോ ജീവൻരക്ഷാ പതക്കമോ നേടിയ ബാലികാ ബാലൻമാർക്ക് വിദ്യാഭ്യാസത്തിനോ ജോലി കണ്ടെത്തുന്നതിനോ ഉള്ള സഹായ പദ്ധതികളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly